# ശ്ലീഹാകാലം
## വചന വിചിന്തനം
### ശ്ലീഹാകാലം : ഏഴാം ഞായർ
### ലൂക്കാ 13,22–30

> *ഇടുങ്ങിയതും*
> *അടഞ്ഞതുമായ വാതിലുകളെ മുന്നിൽ വച്ച്*
> *ക്രിസ്തു സ്വർഗ്ഗരാജ്യത്തെ വ്യാഖ്യാനിക്കുമ്പോൾ*
> *പറയുന്നതും പഠിപ്പിക്കുന്നതും ഒന്നുമാത്രം;*
> *"സഹനങ്ങൾ വ്യക്തികളെ*
> *സ്വർഗ്ഗരാജ്യത്തിലേയ്ക്ക് അടുപ്പിക്കുന്നു!"*

**വാതിലടയും മുമ്പേ കൂട്ടിൽ കയറാത്ത കേഴി കുറുക്കന്റെ ഭക്ഷണമാണ്! ഇതു തന്നെയാണ് സ്വർഗ്ഗവാതിലടയും മുമ്പേ സ്വർഗ്ഗത്തിൽ പ്രവേശിക്കാത്തവന്റെയും അവസ്ഥ!**

ക്ലാസിൽ ടീച്ചർ ലക്ഷ്യബോധത്തെ കുറിച്ച് ക്ലാസ്സെടുക്കുകയാണ്. അതിനിടയിൽ കുട്ടികളോട് വിവിധങ്ങളായ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. അവസാനം, ടീച്ചർ ക്ലാസിലെ ഏറ്റവും മിടുക്കനെന്ന് കരുതുന്ന ഹംസയുടെ അടുത്ത് ചോദിച്ചു;

ടീച്ചർ: "ഹംസ വലുതാകുമ്പോൾ ആരാകാനാണ് ആഗ്രഹം?"

ഹംസ: "വലിയ പണക്കാരനാകണം. എന്റെ ബിസിനെസ്സ് പ്രധാനപ്പെട്ട എല്ലാ രാജ്യങ്ങളിലും വേണം. പിന്നെ ഞാൻ വലിയ ബംഗ്ലാവ് വാങ്ങും. എപ്പോഴും ആകാശത്തിലൂടെ സഞ്ചരിക്കണം. ഇവിടെ പോയാലും ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിക്കണം. എന്റെ ആഗ്രഹങ്ങൾ നിറവേറ്റാൻ പത്തു സെർവന്റ്സ് വേണം. ലോകത്തിലെ ഏറ്റവും വില കൂടിയ കാർ ഞാൻ സ്വന്തമാക്കണം. ഏറ്റവും വില കൂടിയ diamond ഉം സ്വന്തമാക്കണം."

ഇതുകേട്ട ടീച്ചർ ഹംസയോടും കൂടെ എല്ലാവരോടുമായി പറഞ്ഞു;

"നിർത്തൂ. സ്റ്റുഡന്റ്സ് നിങ്ങൾ വളരെ ചുരുക്കി വേണം പറയാൻ...." ഇനി, മുബീന പറയൂ... നിനക്ക് ആരാകാനാണ് ആഗ്രഹം?

മുബീന രണ്ടു വാക്കുകളാൽ തന്റെ ആഗ്രഹത്തെ ടീച്ചറുമായി പങ്കുവച്ചു;

"ഹംസന്റെ ഭാര്യ!"

ഇടുങ്ങിയതും അടഞ്ഞതുമായ വാതിലുകളെ മുന്നിൽ വച്ച് ക്രിസ്തു സ്വർഗ്ഗരാജ്യത്തെ വ്യാഖ്യാനിക്കുമ്പോൾ പറയുന്നതും പഠിപ്പിക്കുന്നതും ഒന്നുമാത്രം; "സഹനങ്ങൾ വ്യക്തികളെ സ്വർഗ്ഗരാജ്യത്തിലേയ്ക്ക് അടുപ്പിക്കുന്നു!" മോട്ടിവേഷൻ ക്ലാസ്സുകളിൽ ഏറ്റവും അധികം മുഴങ്ങുന്ന വാചകം; "കഠിനദ്ധ്വാനമാണ് വിജയത്തിന്റെ താക്കോൽ" (Hard work is the key to success). ഇത് എത്രയോ സത്യമാണ്! പ്രവേശിക്കാൻ ദുഷ്കരമായിട്ടുള്ളതും പ്രവേശനത്തിന് അധികമാരും ആവേശം കാണിക്കാത്തതുമായ വാതിൽ ഇടുങ്ങിയ വാതിലാണ്. കാരണം, മനുഷ്യൻ സുഖത്തിന്റെയും സന്തോഷത്തിന്റെയും പുറകെ യാത്ര ചെയ്യുന്നവനാണ്. അതുകൊണ്ട് തന്നെയാണ് ക്രിസ്തു പങ്കുവയ്ക്കുന്നത്; "രക്ഷ പ്രാപിക്കാൻ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ" എന്ന്.

പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് ക്രിസ്തു ജറുസലെമിലേക്കു യാത്ര ചെയ്യുമ്പോൾ ഒരുവൻ വന്ന് അവനോടു ചോദിച്ചു: "കർത്താവേ, രക്ഷപ്രാപിക്കുന്നവർ ചുരുക്കമാണോ?"

ഒരുവൻ വന്ന് ക്രിസ്തുവിനോട് രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ എന്ന് ചോദിക്കുമ്പോൾ അവൻ പറയുന്ന മറുപടി; "രക്ഷ പ്രാപിക്കാൻ എന്തു ചെയ്യണം" എന്നതിനെ കുറിച്ചാണ്. ക്രിസ്തു ചോദ്യം ചോദിച്ചവനല്ല, മറിച്ച്, എല്ലാവരോടുമായാണ് മറുപടി പറയുന്നത്;

അവൻ അവരോടു പറഞ്ഞു; "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു, അനേകം പേർ പ്രവേശിക്കാൻ ശ്രമിക്കും. എന്നാൽ അവർക്കു സാധിക്കുകയില്ല" (ലൂക്കാ 13,24).

ഇടുങ്ങിയതും അടഞ്ഞതുമായ വാതിലുകളെ മുന്നിൽ വച്ച് സ്വർഗ്ഗരാജ്യത്തെ വ്യാഖ്യാനിക്കുമ്പോൾ ക്രിസ്തു വരികൾക്കിടയിലൂടെ പറയുന്നതും പഠിപ്പിക്കുന്നതും ഇത്രമാത്രമാകാം; "സഹനങ്ങൾ വ്യക്തികളെ സ്വർഗ്ഗരാജ്യത്തിലേയ്ക്ക് അടുപ്പിക്കുന്നു!" എങ്കിൽ, തീർച്ചയായും മനസ്സിൽ എന്തുകൊണ്ടാണ് സഹനങ്ങൾ വ്യക്തികളെ സ്വർഗ്ഗരാജ്യത്തിലേയ്ക്കടുപ്പിക്കുന്നത്? കാരണം, ഇത്രമാത്രം. മനുഷ്യൻ തെറ്റിലേയ്ക്ക് ചാഞ്ഞിരിക്കുകയും, വിചാരത്താലും വാക്കാലും പ്രവർത്തിയാലും ഉപേക്ഷയാലും അറിഞ്ഞും അറിയാതെയും അവൻ പാപം ചെയ്തും ജീവിക്കുന്നു. ഈ പാപങ്ങളെകുറിച്ച് ആത്മാർത്ഥമായി മനസ്തപിക്കുകയും പശ്ചാതപിക്കുകയും ചെയ്യുന്ന വ്യക്തി തങ്ങളുടെ പാപത്തിന്റെ കറ സഹനങ്ങളിലൂടെ ശുദ്ധീകരിച്ചെടുക്കുന്നു. അങ്ങനെയെങ്കിൽ ഒന്നുറപ്പാണ്; സഹനങ്ങൾ രക്ഷയിലേയ്ക്കുള്ള ചൂണ്ടുപലകകളാണ്!

**ഇടുങ്ങിയ വാതിലിന്റെ സൂചന; ഭൂരിപക്ഷത്തിന്റെ തിന്മയിൽ പങ്കുചേരാതെ ഒറ്റയ്ക്ക് നിൽക്കാനുള്ള ആർജ്ജവത്വത്തെയാണ് സൂചിപ്പിക്കുന്നത്!**

ഒരു മുത്തശ്ശൻ തന്റെ പേരക്കുട്ടിയോട് ഇങ്ങനെ പറഞ്ഞു: "ഓ എന്റെ പൊന്നുമകനേ, സ്വർഗത്തിൽ പ്രവേശനം ഫ്രീ ആണ്. പക്ഷേ, നരകത്തിൽ പ്രവേശിക്കാൻ പണം ധാരാളം ചിലവഴിക്കണം..."

ഇതു കേട്ട കുട്ടിയ്ക്ക് വലിയ കൗതുകമായി. ആദ്യമായിട്ടാണ് ഇങ്ങനെയൊന്ന് കേൾക്കുന്നത്; "സ്വർഗത്തിൽ പ്രവേശനം ഫ്രീ ആണ്. പക്ഷേ, നരകത്തിൽ പ്രവേശിക്കാൻ പണം ധാരാളം ചിലവഴിക്കണം..." എന്ന്... ആ കുട്ടി ഏറെ ജിജ്ഞാസയോടെ മുത്തച്ഛനോട് ചോദിച്ചു:

"അത് എങ്ങനെ മുത്തശ്ശാ?"

മുത്തശ്ശൻ പറഞ്ഞു:

"ചൂതാട്ടം കളിക്കുന്നവൻ ധനം വിനിയോഗിക്കുന്നു... കള്ള് കുടിക്കുന്നവൻ അതിന് വേണ്ടി ധനം വിനിയോഗിക്കുന്നു... സിനിമയും, സംഗീതവും ആസ്വദിക്കാൻ പണം വിനിയോഗിക്കുന്നു... നീചപ്രവൃത്തികളിലേക്ക് പോകാൻ പണം ചിലവഴിക്കുന്നു... ധൂർത്തും പൊങ്ങച്ചവും കാണിക്കാൻ പണം ചിലവഴിക്കുന്നു... അനാവശ്യ കാര്യങ്ങൾക്കായി ധനവും, സമയവും നശിപ്പിക്കുന്നു..."

എന്നിട്ട് മുത്തശ്ശൻ ഇത്രയും കൂടി കൂട്ടി ചേർത്തു; "എന്റെ കൊച്ചു മകനേ, സ്വർഗത്തിൽ പ്രവേശിക്കുന്ന ആർക്കും ധനം ഇങ്ങനെ അനാവശ്യമായി ചിലവാക്കേ വരുന്നില്ല... കാരണം, ഒരാൾ പ്രാർത്ഥിക്കുന്നു... അതിന് അയാൾക്ക് അതിന് പണം കൊടുക്കേ വരുന്നില്ല! നോമ്പ് നോൽക്കാനും വ്രതം എടുക്കാനും ആരും പൈസ ചിലവാക്കുന്നില്ല! ഏതു മതക്കാരൻ ആയാലും അവന്റെ ദൈവത്തോടു ചെയ്ത പാപങ്ങൾക്ക്

ക്ഷമചോദിക്കാനോ, പശ്ചാത്തപിക്കാനോ അഞ്ച് പൈസ ചെലവില്ല, നിന്നോട് തെറ്റ് ചെയ്യുന്നവരോട്  ക്ഷമിക്കാനും പൊറുക്കാനും ഒരു പൈസയും ചിലവാക്കേണ്ട... മതമേതായാലും അവർ തരുന്ന നല്ല ഉപദേശങ്ങൾ കേൾക്കുവാൻ പണം മുടക്കേണ്ട... അതുകൊണ്ട്, എന്റെ മോൻ ഒന്ന് ചിന്തിക്കൂ, നീ ധനം ചിലവഴിച്ച്  നരകത്തിൽ പ്രവേശിക്കുന്നോ...? അതല്ല ഫ്രീ ആയി സ്വർഗത്തിൽ പ്രവേശിക്കുന്നോ.....?"

പ്രായമായ ആ മുത്തശ്ശന്റെ ഉപദേശം എത്ര മനോഹരം! കർത്താവിനോട് കൂടെ വിരുന്നുണ്ണാൻ, സ്വർഗ്ഗരാജ്യത്ത് പ്രവേശനം നേടുവാൻ പറയുന്ന കാര്യങ്ങൾ നോക്കുകച

"നിൻെറ സാന്നിധ്യത്തിൽ ഞങ്ങൾ ഭക്ഷിക്കുകയും പാനംചെയ്യുകയും ഞങ്ങളുടെ തെരുവുകളിൽ നീ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്."

ഇവർ പറയുന്നത് തങ്ങളുടെ ഗുണഗണങ്ങൾ അല്ല. മറിച്ച്, തങ്ങളുടെ കൂടെയുണ്ടായിരുന്ന ഗുരുവിന്റെ മഹത്തങ്ങൾ ആണ്. ഇതിനോട് കർത്താവ് പ്രതികരിക്കുന്നത് ഇപ്രകാരമാണ്; "നിങ്ങൾ എവിടെ നിന്നാണെന്നു ഞാൻ അറിയുന്നില്ല. അനീതി പ്രവർത്തിക്കുന്ന നിങ്ങൾ എന്നിൽനിന്ന് അകന്നു പോകുവിൻ." അതുകൊണ്ട്, ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ. തിരുസഭയിലെ വിശുദ്ധാത്മക്കളെല്ലാം ഇപ്രകാരം സ്വർഗ്ഗം സ്വന്തമാക്കാൻ ഇടുങ്ങിയ വഴിയിലൂടെ യാത്ര ചെയ്തവരാണ്. അവർ ലക്ഷ്യം കാണുകയും ചെയ്തു!

ഇടുങ്ങിയ വാതിലിലൂടെയുളള പ്രവേശനത്തിന് ഏറ്റവും നല്ല ഉദാഹരണം രക്തസാക്ഷികൾ തന്നെയാണ്. സഹനങ്ങളുടെ നെരിപ്പോടിൽ പൊരിച്ചെടുത്തപ്പോഴും സ്വർഗ്ഗത്തിന്റെ വാതിൽ തങ്ങൾക്കായ് തുറക്കപ്പെടുന്നത് അവർ കണ്ടിരുന്നു!

"നിങ്ങളുടെ സ്നേഹം ജ്ഞാനത്തിലും
എല്ലാത്തരത്തിലുമുള്ള വിവേചനാശക്തിയിലും
ഉത്തരോത്തരം വർധിച്ചുവരട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു.
അങ്ങനെ, ഉത്തമമായവ തെരഞ്ഞെടുക്കാൻ നിങ്ങൾക്കു കഴിയും."
ഫിലിപ്പി 1,10

ഫാ. ജോബി മേനോത്ത്
+91 944 7777 931